**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2015 രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 15–നകം കോളേജുകളിൽ പ്രവേശനം നേടണം

2015 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം നിലവിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഫീസ്/അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തിരഞ്ഞെടുത്ത ശാഖകളിൽ അടച്ച ശേഷം **2015 ജൂലൈ 15–ാം** തീയതി വൈകുന്നേരം 5 മണിയ്ക്കു മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടിയിരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ സമയത്തിനകം കോളേജുകളിൽ പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. കൂടാതെ ഇവരുടെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിൽ നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതുമാണ്.

**2015 ജൂലൈ 15–ാം** തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഏന്തെങ്കിലും കാരണത്താൽ അവരുടെ അഡ്മിഷൻ റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ അവർക്ക് **ജൂലൈ 16 മുതൽ 18 വരെ**യുള്ള തീയതികളിൽ ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് അപേക്ഷ നൽകി അഡ്മിഷൻ റദ്ദ് ചെയ്ത് വിടുതൽ സർട്ടിഫിക്കറ്റ്, സമർപ്പിക്കപ്പെട്ട മറ്റ് രേഖകൾ, കോളേജുകളിൽ അടച്ച ഫീസ് എന്നിവ തിരികെ കൈപ്പറ്റാവുന്നതാണ്. **2015 ജൂലൈ 18–ാം** തീയതി വൈകുന്നേരം 5 മണിയ്ക്കുശേഷം അഡ്മിഷൻ റദ്ദ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതല്ല. ഇത്തരത്തിൽ അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള 'ഓൺലൈൻ അഡ്മിഷൻ മനേജ്മെന്റ് സിസ്റ്റം' വഴി കോളേജ് അധികാരികൾ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കുന്നതാണ്. മേൽപ്പറഞ്ഞ രീതിയിൽ അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളുടെയും എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതാണ്.

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെയും അലോട്ട്മെന്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ **2015 ജൂലൈ 16–ാം** തീയതി ആരംഭിക്കുന്നതാണ്. പ്രസ്തുത അലോട്ട്മെന്റിലേയ്ക്ക് പരിഗണിയ്ക്കപ്പെടേണ്ട വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ തീർച്ചയായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ, ആവശ്യമില്ലാത്ത ഓപ്ഷൻ റദ്ദാക്കൽ, ഓപ്ഷൻ പുനഃക്രമീകരണം, പുതുതായി ഉൾപ്പെടുത്തുന്ന കോഴ്സ്/കോളേജുകളിലേയ്ക്കുള്ള ഓപ്ഷൻ സമർപ്പണം എന്നിവയ്ക്കുള്ള സൗകര്യം മേൽപ്പറഞ്ഞ വെബ്സൈറ്റിൽ **2015 ജൂലൈ 16** മുതൽ **19–ാം തീയതി വൈകുന്നേരം 3** മണി വരെ ലഭ്യമാകുന്നതാണ്. അതിനുശേഷം നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ മൂന്നാമത്തെയും, മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ രണ്ടാമത്തെയും അലോട്ട്മെന്റ് **20.07.2015** ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫീസ്/ബാക്കി തുക ഒടുക്കിയ ശേഷം അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

**20.07.2015** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ പ്രസ്തുത അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർദ്ദിഷ്ട ഫീസ് ഒടുക്കിയ ശേഷം നിർബന്ധമായും അതത് കോളേജുകളിൽ പ്രവേശനം നേടിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(C), ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. പ്രസ്തുത അലോട്ട്മെന്റിനു ശേഷം കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

14.07.2015